മിസ്റ്റർ വി. ജെ. മത്തായി: സർ, ഇപ്പോൾ നടന്ന വടം വലിയിൽ ഞാൻ പങ്കെടുപ്പാൻ വിചാരിക്കുന്നില്ല. എന്നാൽ വിവാദ ബില്ലിനെപ്പറ്റി മന്ത്രണ്ടു വാക്കു പറയാമെന്നു വിചാരിച്ചാണ് ഞാൻ എഴുന്നേറ്റു നില്ക്കുന്നതു്. ഇത്തരുണത്തിൽ നമുക്കു ആലോചിക്കാനുള്ളതു് ഈ ബില്ലിൽ അന്തർവിച്ചിട്ടുള്ള തത്വം പൊതുജനങ്ങൾക്കു ഗുണകരമാണൊ, അങ്ങിനെ ഗുണകരമാണെങ്കിൽ നാം എന്താണ് ചെയ്യേണ്ടതു്. ദോഷകരമാണെങ്കിൽ എന്തു മാറ്റമാണു ഈ ബില്ലിൽ വരുത്തേണ്ടതു് എന്നുള്ളതിനെപ്പറ്റിയാണ് ഇതിനെപ്പറ്റി ആലോചിക്കുമ്പോൾ ആദ്യമായി നമുക്കു നോക്കുവാനുള്ളതു് മുപ്പത്തയ്യായിരം ഉറുപ്പികയിൽ കൂടുതൽ വരുമാനം ഉള്ള ആളുകൾക്കു കൂടുതൽ നികുതി കൊടുക്കുന്നതിനു എന്താണു തരക്കേടു എന്നാണ്. ഒരു സാധുവായ കർഷകനു ഇപ്പോഴുള്ള നികുതി ചുമത്തൽ ഏറ്റവുമധികരിച്ചു നാലു പറ കുണ്ടം മാത്രമുണ്ടെങ്കിലും അതിൽ നിന്നു നാല്പതു പറ നെല്ലു മാത്രം വരുമാനം ഉണ്ടായാലും ഏതാണ്ടു നാലു രൂപായോളം നികുതി കൊടുക്കേണ്ടിവരുന്നു. ഒരുത്തന്റെ കയ്യിൽ മുപ്പതിനായിരം ഉറുപ്പികയുണ്ടെന്നു വിചാരിക്കുക. അയാൾ ആ ഉറുപ്പികകൊണ്ടു വസ്തു വാങ്ങിക്കയാണെങ്കിൽ ഗവൺമെൻറിനു നികുതി കൊടുക്കണം. അയാൾ ആ മുപ്പതിനായിരം ഉറുപ്പിക പലിശക്കുകൊടുത്തു അതിന്റെ ആദായംകൊണ്ടു ജീവിക്കയാണെങ്കിൽ ഒരു ഒരൊറ്റ പൈപോലും അയാൾ ഗവൺമെൻറിലേക്കു നികുതി കൊടുക്കേണ്ടതില്ല. ഇങ്ങിനെ കൊല്ലത്താൽ മുപ്പത്തയ്യായിരം രൂപാ വരുമാനമുള്ള ഒരാൾക്കു കൂടുതൽ നികുതി കൊടുത്താൽ എന്താണു ദോഷം വരാനുള്ളതു്എന്നാണു ഞാൻ ചോദിക്കുന്നതു്. ഗവൺമെൻറിനു പണമില്ലെന്നുള്ള കാരണത്താൽ കർഷകന്മാരുടെ നികുതിഭാരം കുറച്ചുകൊടുക്കണമെന്നുള്ള രോദനത്തിനു ഒരു നിവാരണം ചെയ്യുവാൻ നിവൃത്തിയില്ലെന്നു ബഹുമാനപ്പെട്ട റവന്യൂ മെമ്പർ തന്നെ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ഗവൺമെൻറിനു കൂടുതൽ വരുമാനം ഉണ്ടായാൽ സാധുക്കളായ കർഷകന്മാരുടെ നികുതി കുറച്ചുകൊടുക്കണമെന്നുള്ള രോദനത്തിനു പരിഹാരം ചെയ്യുവാൻ സാധിക്കുന്നതാണ്. പരിഷ്കൃത രാജ്യങ്ങളിലെല്ലാം അധികം വരുമാനമുള്ള സംഘങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അധികം നികുതി പിരിച്ചെടുത്തു തീരെ താണ വരുമാനമുള്ളവരെ നികുതിഭാരത്തിൽ നിന്നു ഒഴിവാക്കുകയാണു ചെയ്യുന്നതു്. ഇതാണു പരിഷ്കൃതമായ നികുതി ചുമത്തലിൽ കാണുന്ന വിശേഷം. ഇതുപോലെതന്നെയാണു മദ്രാസിലും നടപ്പിൽ വന്നിരിക്കുന്ന നിയമത്തിലും കാണുന്നതു്. വളരെ വരുമാനമുള്ള ആളുകൾക്കു കൂടുതൽ നികുതി ചുമത്തി കുറവായ വരുമാനമുള്ളവരെ നികുതിഭാരത്തിൽ നിന്നും ഒഴിവാക്കും എന്നു പറയുന്നതിനെ ഈ സഭ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതാണു ഈ ബില്ലിൽ അന്തർവിച്ചിരിക്കുന്ന തത്വം. അതുകൊണ്ടു് ഈ ബില്ലിനെ എതിർക്കുന്നതു് അബദ്ധമാണെന്നാണു് ഞാൻ പറയുന്നതു്.

പിന്നെ പാർലിമെണ്ടിൽ നടക്കുന്ന നടപടികളൊന്നും ഇവിടെ എടുത്തിട്ടു കാര്യമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട കണയന്നൂർ ഇരുപ്പ മെമ്പർ പറഞ്ഞതുപോലെ നാം പൊതുജനാഭിപ്രായത്തോടു സമീപിച്ചിരിക്കുന്ന ഈ അവസരത്തിൽ ഗവൺമെണ്ടിനു വരുമാനം ഉണ്ടാക്കി കൊടുക്കുന്നതിനെപ്പറ്റി ആക്ഷേപിക്കുന്നതു ശരിയല്ല. ഏറക്കുറെ ഗവൺമെണ്ടിനു കൂടുതൽ കിട്ടുന്ന വരുമാനത്തിൽ ഒരു നല്ലഭാഗം ബഹുമാനപ്പെട്ട മിനിസ്റ്റരുടെ ഡിപ്പാർട്ടുമെണ്ടുകളിലേക്കു വേണ്ടി ചിലവുചെയ്യുമെന്നുനിശ്ചയമാണ്. ഇപ്പോൾ മുന്നൊ നാലൊ ലക്ഷം ഉറുപ്പിക മിനിസ്റ്റരുടെ ഡിപ്പാർട്ടുമെണ്ടിലേക്കു ചിലവിനു കൊടുക്കാമെന്നു ചെയ്തിട്ടുണ്ട്. അതുകൊണ്ടു കൂടുതൽ വരുമാനം ഗവൺമെണ്ടിനുണ്ടെങ്കിൽ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ സബ് ട്രാൻസ്ഫേർഡ് ഡിപ്പാർട്ട്മെണ്ടിനു ഗവമ്മെണ്ടു കൊടുക്കുമെന്നുള്ളതു തീച്ചയാണ്. അതു കൊടുത്തില്ലെങ്കിൽ നമുക്ക് അപ്പോൾ ഗവമ്മെണ്ടിനോടു ചോദിക്കാം. എതായാലും ഇതിന്റെ മെഴലികതപ്പെത്തെ അതും മറക്കരുതു് എന്നേ എനിക്കപേക്ഷയുള്ളു. മുപ്പത്തയ്യായിരം ഉറുപ്പിക വരുമാനമുള്ള ഒരാൾക്കു ഇതു നികുതി ചുമത്തുകയാണെങ്കിൽ ഉറുപ്പികക്കു ഒരണ കൊടുക്കേണ്ടതായി വരും. ഇതുയും വരവുള്ള ഒരാൾക്കു എന്തുകൊണ്ടു പതിനാറണയിൽനിന്നു ഒരണ പൊതുഗണത്തിനുവേണ്ടി കൊടുത്തുകൂടാ? ഇതു രാജ്യത്തു അവനവനു ആവശ്യമുള്ള ഏതു സുഖങ്ങളും അനുഭവിച്ചു ജീവിക്കുന്നതിനു ആയിരം ഉറുപ്പികയുണ്ടെങ്കിൽ മതി. അതുകൊണ്ടു് കൂടുതൽ വരുമാനമുള്ളവരിൽനിന്നു കൂടുതൽ നികുതി പിരിച്ചു ആ പണംകൊണ്ടു് സാധുകഷ്ടക്കാരെ നികുതിഭാരത്തിൽനിന്നും ഗവമ്മെണ്ടു് ഒഴിവാക്കുമെന്നാശിക്കാവുന്നതുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

Mr. M. K. Devassy (*Adur*): During the last Budget session the question of giving a remission of land tax was discussed. Even in spite of the fact that new sources of income were pointed out to the Diwan Peishkar his arguments were shifted from there. Still the Government was not pleased to consider that;

മിസ്റ്റർ വി. ജെ. മത്തായി: ദിവാൻപേഷ്ക്കാർ അവർകളോടു എപ്പോഴും വടംവലി നടത്തുന്ന ഞാൻ അദ്ദേഹത്തിനുവേണ്ടി ഒരു മറുപടി പറയുന്നതു് എങ്ങിനെയാണു?

Mr. M. K. Devassy (*Adur*): Are you expecting from the Diwan Peishkar a favourable attitude?

* മിസ്റ്റർ പുത്തൂർ അച്യുതഗോപാൻ: സർ, ബഹുമുഖമൊ അല്ലാതെയൊ ഞാനും എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരായ അഡൂർ മെമ്പർ അവർകളോടും മുളംകുന്നത്തുകാവു മെമ്പർ അവർകളോടും യോജിക്കുകയാണു് ചെയ്യുന്നതു്. എന്റെ അനുഭവത്തെമാത്രം അസ്പഷ്ടമാക്കി ഒന്നുരണ്ടു വാക്കു പറയാം. കൊച്ചിയിൽ ഇന്നു് ആദായനികുതി മുഖാന്തിരത്തിൽനിന്നു ആയിരത്തോളം ഉറുപ്പിക വരുമാനമുണ്ടെന്നു എന്റെ അപ്പുറത്തിരിക്കുന്ന ട്രഷറി ബഞ്ചിൽനിന്നുതന്നെ സമ്മതിക്കുന്നു. ഇരിപ്പു നിലനികുതിയിൽ ഇളവുചെയ്യ കൊടുക്കണമെന്നു അഡൂർ മെമ്പറായിരുന്ന മിസ്റ്റർ പൊട്ടയും അതിനെ തുടർന്നു വരുന്ന മെമ്പർമാരും ഇവിടെ വാദിക്കുകയുണ്ടായിട്ടുണ്ടു്. അതു കൌൺസിലിന്റെ ഓരോ നടപടികളും പ്രവർത്തനങ്ങളും നോക്കിയാൽ അറിയാം. അതു അവതരിപ്പിച്ച അവസരത്തിൽ ട്രഷറി ബഞ്ചിൽനിന്നു അതിനെ എതിർക്കയുണ്ടായിട്ടുണ്ടു്. അതിന്റെ നല്ലകാലംകൊണ്ടു് അതു ഇവിടെ പാസാകയും ഉണ്ടായിട്ടുണ്ടു്. നാലു ദിവസംകഴിഞ്ഞു് അതു അനുവദിക്കാതെയും ഇരുന്നിട്ടുണ്ടു്. എന്റെ അനുഭവം നോക്കിയാൽ മിസ്റ്റർ പൊട്ട മുഖാന്തിരം എതു ആയിരം രൂപായാണു ഗവമ്മെണ്ടിനു പല ഇനങ്ങളിലായി കിട്ടീട്ടുള്ളതു്. ഇരിപ്പു നിലനികുതി ഇളവുചെയ്യുന്നതുമൂലം ആറായിരം രൂപായാണു് ഗവമ്മെണ്ടിനു നഷ്ടം വരാനുള്ളതു്. എന്നാൽ ഇരിപ്പു നിലനികുതിയിൽ ഇളവുചെയ്യണമെന്നു ആവശ്യപ്പെട്ടതിനുശേഷമാണു് ഇൻകംടാക്സ് വകയിൽ ഗവമ്മെണ്ടിനു ആറുലക്ഷം ഉറുപ്പിക കിട്ടിയതു്. അങ്ങിനെ ആറുലക്ഷം ഉറുപ്പിക കിട്ടീട്ടു അതിൽനിന്നു ആറായിരം ഉറുപ്പിക ഈ ഇരിപ്പു നിലനികുതി ഇളവു ചെയ്യു

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന്ന ചിലവാക്കാത്ത ഗവമ്മെണ്ട ഇനിയും കൂടുതൽ പണം കിട്ടിയാൽ ജനങ്ങൾക്ക ആവശ്യമുള്ള മാർഗ്ഗങ്ങൾക്കായി വിനിയോഗിക്കുമെന്ന വിചാരിക്കാൻ എന്താണ് ന്യായം? അതുകൊണ്ട ഈ പണംകൊണ്ട എത്രത്തോളം ഗുണം ചെയ്യുമെന്ന പരിശോധിച്ചില്ലാതെ, ഈ പണം ജനങ്ങളുടെ ഗുണത്തിന്ന വേണ്ടി ചിലവിട്ടം എന്ന ഒരുറപ്പ ഗവമ്മെണ്ട തരാത്തിടത്തോളം കാലം ഈ ബില്ലിനെ എതിർക്കണമെന്ന മാത്രമാണ ഞാൻ പറയുന്നത്. അതിന്നുള്ള ന്യായത്തെ തെളിയിക്കുക മാത്രമാണ് ഞാൻ ഈ ഇരിപ്പുവിന്റെ കാര്യം കൊണ്ട സാധിക്കുന്നത്.

പിന്നെ എനിക്ക പറയാനുള്ളത് ഈ ബിൽ എപ്രകാരം ജനങ്ങളെ ബന്ധിക്കുന്ന എന്നുള്ളതിനെപ്പറ്റിയാണ്. നിവൃത്തിയുള്ളിടത്തോളം ധനികരുടെ കയ്യിൽനിന്നും വരുമ്പോൾനിന്നും പണം വസൂൽചെയ്ത് ദരിദ്രരുടെ രക്ഷക്കുവേണ്ടി ചിലവുചെയ്യുകയാണ് ഈ ബില്ലിന്റെ ഉദ്ദേശമെങ്കിൽ എനിക്ക അനുകൂലമാണുള്ളത്. അതിനു ഗവമ്മെണ്ട ഉറപ്പുതരാത്തിടത്തോളം കാലം ഇതിനെ എതിർക്കുകതന്നെ ചെയ്യും. അതുകൊണ്ട ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

Mr. V. K. Bhaskara Menon (*Cranganur*): I support the Bill brought forward by the hon'ble member for Kunnamkulam. Not being soundly anchored on first principles of having the knowledge of the canons of taxation as the member for Mulakunnathukavu, I can only say there are certain very sound reasons, situate as we are, why such a Bill should originate from the hon'ble members of this House. Whenever we ask the Government to do something to ameliorate the condition of the people, the argument advanced by the Government is one of paucity of funds. And, it is the duty of we, non-officials, to show the Government that there are methods of raising money and when such methods are available to the Government, they can resort to schemes by which they can improve the condition of the people. Now, yesterday, there was a very vehement argument advanced in this House and I think the House passed unanimously that prohibition should be introduced in the State and the opposition of the Government was on the ground that it meant lack of revenue to the State and the Government may find it impossible to carry on many of the nation-building activities due to lack of funds if prohibition is introduced here. Now, I submit to this House that if we are able to show to the Government the methods by which money can be raised can the Government with reason argue that prohibition should not be introduced, though personally I am against prohibition. The point is our hands are absolutely tied. We can only recommend to the Government certain things which can be done and along with the recommendations we have to show to the Government that there are methods by which we can get funds to carry on the administration of the country and as such, I think, there is a duty on the part of every non-official here to show that methods

LIBRARY ARCHIVES Kerala Legislative Assembly

of taxation which are accepted in principle but opposed in practice are initiated and passed by the House. Now, one point which I really could not understand was, possibly because of my ignorance of the principles, why such a Bill should not originate from the non-official side? The objection raised by the hon'ble member for Adur is that if we do not have full responsible Government, such a Bill should not be originated from the non-official side, because Government will misuse it. I think it is highly uncharitable on the part of the hon'ble member to say that when we are helping the Government in finding out a new source of revenue, Government will misuse it instead of helping the people.

Then, another argument advanced is, that whatever might be the recommendation passed by this House in the matter of retrenchment, cutting of salaries, and things of the sort, Government seems to be adamant in its resolution to stick on to the state of things as they are now. So, if we give them more money, they will utilise it only to enhance the salary. That seems to be the suggestion. My submission is that Government has now a sort of fixed expenditure for which they find it very difficult to find funds available, and it is solely because of that that they are not prepared to accept the highly useful suggestions made by the non-official members of this House. And, if we show them some method by which they can accept the suggestion without unbalancing and unsettling the budget, I think they will be only too glad to accept the suggestion and thereby improve the condition of the people. This is a highly salutory method, both on principle and in practice. And as such, it should be accepted by the House.

Mr. V. N. Damodaran Nambiar (*Trippunittura*): I do not wish to add much to the arguments advanced by my hon'ble friend, the member for Cranganur on the principles enunciated from the other side in opposing the Bill. But, I have to bring another factor before the notice of this Hon'ble House, that by accepting the principle that it is not proper on the part of the non-official members of a House like this to bring such a Bill, we will be in a vicious circle, whereby we won't be able to do any good to the people of the State. Whenever budgets are presented to this House every year, and whenever on such occasions we clamour for more funds to be utilised for purposes intended for the benefit of the public, the reply that we used to receive from the Government is that 'we are not able to find funds necessary for the same, you prepare a budget, and show us the method by which we can find funds.' That is the sort of

LIBRARY ARCHIVES Kerala Legislative Assembly

argument advanced by the Government side on all those occasions. When a source of revenue is pointed out, and when a Bill is brought—and that without giving undue trouble to the people at large—we can raise sufficient amount of money for the purpose of utilising it for the benefit of the public. If the Government is going to oppose that measure simply because it has been brought forward from the non-official side of the House, I beg to submit that it is creating a vicious circle. Wherefrom can we find the funds? The Government will not find funds. And if we bring forth a proposal, Government will not accept it. Who is to find funds for the benefit of the public? I ask that question. And I request the Hon'ble House to consider that aspect of the matter. Of course, with regard to the principle enunciated, nobody can deny that those principles are found in various text books, and nobody can also deny the soundness of those principles.

I would wish to emphasise one point, that those principles are intended to be applied under certain circumstances which I respectfully submit do not exist in our State now. Those principles are intended in the case of Assemblies or Legislative Councils which have got complete powers in the matter of the administration of the Government. When the Legislative Council gets complete powers, it will of course the representatives of the people that are sitting on the Treasury Benches and administering the country and it is from that side that Bills of this sort ought to come. Now, in our State, is that the case? Have we got any power whatsoever in the administration of the State? Are we not only making recommendations? We similarly make a recommendation here.

Mr. M. K. Devassy (*Adur*): Why not then bring a resolution?

Mr. V. N. Damodaran Nambiar (*Trippunittura*): We brought a resolution. A cut motion was brought in the last Budget session. What was the Government's reply? Government replied that it is better to bring a Bill.

Mr. M. K. Devassy (*Adur*): They say they don't want it.

Mr. V. N. Damodaran Nambiar (*Trippunittura*): Have we not pointed out instances of urgent necessities for the last twenty years—necessities which every civilised Government will grant are immediate? Have we not pointed out the urgent necessity of supplying drinking water to a section of the public who are not even blessed with that, who are denied that, even by

LIBRARY ARCHIVES Kerala Legislative Assembly

nature? Have we not pointed out those necessities and have the Government brought any measure for increasing the taxation without causing unnecessary trouble to the public at large and alleviating their distress? So, those canons and those principles which have been enunciated are intended to be applied only under certain circumstances which circumstances, I respectfully beg to submit, do not at present exist here. I therefore strongly support this Bill.

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ബഹുമാനപ്പെട്ട കന്ദംകുളം മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ നികുതി സമ്പ്രദായത്തിൽ ഇന്നു നടപ്പിലിരിക്കുന്ന വ്യവസ്ഥകളെ പരിശോധിക്കുന്ന പക്ഷം ഭൂമിയുടമസ്ഥന്മാരിൽനിന്നാണ് അഥവാ കൃഷിക്കാരിൽനിന്നാണ് ഒരു ഗണ്യമായ തുക ശമ്പളമുണ്ടു് ചിലവിനായി പിരിച്ചെടുക്കുന്നതു് എന്നു കാണുവാൻ സാധിക്കും; ഒരു ഗണ്യമായ തുക ശമ്പളമുണ്ടു് ചിലവിനങ്ങളിലേക്കായി ഭൂമിയുടമസ്ഥന്മാരിൽനിന്നു് നിലനികുതിയായി പിരിച്ചെടുക്കുന്നു എന്നാണു് ഞാൻ പറഞ്ഞതു്. കൊച്ചിരാജ്യത്തു് മറ്റു രാജ്യങ്ങളിൽ എന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തികാധഃപതനത്തെ പരിശോധിക്കുമ്പോൾ ഈ വിധത്തിലുള്ള നികുതികൾക്കു ഗണ്യമായ കുറവുവരുത്തി, ധനികന്മാരെ ബാധിക്കുന്നതായ മറ്റു നികുതികൾ പിരിക്കുവാൻ ശ്രമിക്കേണ്ടതാണു്. ഈ ബില്ലിനെതിരായി പറയുന്ന സമാധാനം, ഈ ബിൽ പ്രായോഗികമാക്കിയാൽ ഉണ്ടാകാവുന്ന അധിക വരവുകൊണ്ടു് നല്ലവിധത്തിൽ ഉപയോഗിക്കാനുള്ള അവസരാധികാരം ഈ നിയമസഭക്കില്ല എന്നുള്ളതു മാത്രമാണു്. കഴിഞ്ഞ ബഡ്ജറ്റു് സമ്മേളനാവസരത്തിൽ ഒരു രൂപക്കു താഴെയുള്ള കരം താഴ്ത്തി നികുതിയെ ഇല്ലായ്മ ചെയ്യണമെന്നു് ഈ ഭാഗത്തുനിന്നു ഒരുപക്ഷേപം അവതരിപ്പിച്ചപ്പോൾ ചില മെമ്പർമാർ എതിർക്കുകയും അതിനെ തള്ളിക്കളയുന്നതിനുള്ള പരിതസ്ഥിതി സൃഷ്ടിക്കുകയുമാണു് ചെയ്തിട്ടുള്ളതു് എന്നു് ഇവിടെ അനുസ്മരിക്കുന്നുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ശമ്പളത്തിൽനിന്നാണു് ഇതിനെ എതിർക്കുന്നതെങ്കിൽ അതു നമുക്കു മനസ്സിലാക്കാൻ സാധിക്കും. കൊച്ചിരാജ്യത്തു് പരിപൂർണ്ണ ഉത്തരവാദിത്വ ഭരണമില്ലെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ചില ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചു പരിപൂർണ്ണമായ ഉത്തരവാദിത്വം, കൊച്ചിയിലെ ഇന്നത്തെ ഭരണഘടനയനുസരിച്ചു നമുക്കു കിട്ടീട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇങ്ങനെയുള്ള അവസരത്തിൽ പുതിയ നികുതി ചുമത്തുന്നതിനു ശമ്പളമുണ്ടിനവസരമുണ്ടാക്കിക്കൊടുത്തു് ആ നികുതിയിൽനിന്നുമുണ്ടാകുന്ന ആദായംകൊണ്ടു പല നല്ല കാര്യങ്ങളും ചെയ്യുവാൻ ശമ്പളമുണ്ടിനെ നിർബ്ബന്ധിക്കണമെന്നാണു് രാജ്യതന്ത്രജ്ഞന്മാർ പറയുന്നതെന്നു് എന്റെ ബുദ്ധിയുള്ള സ്നേഹിതന്മാർ മനസ്സിലാക്കാത്തതിൽ എനിക്കവരോടു് അനുതാപം തോന്നുന്നുണ്ടു്. ജനങ്ങൾക്കു രക്ഷചെയ്യണമെന്നു വിചാരിക്കുന്ന കക്ഷിക്കു ചില പ്രായോഗിക നടപടികൾ സ്വീകരിക്കണം. അങ്ങിനെയുള്ള ഒരു കക്ഷിയുടെ, ജനങ്ങളുടെ തലയിൽനിന്നു നികുതിഭാരം എടുത്തുകളയണമെന്നു വാദിക്കുമ്പോൾ അതിനെ എതിർക്കുകയും പണക്കാർക്കു നികുതി ചുമത്തണമെന്നു പറയുമ്പോൾ അതിനെ എതിർക്കുകയും ചെയ്യുന്ന നയത്തിൽ എന്തൊരു യുക്തിയാണു്, എന്തൊരു ന്യായമാണുള്ളതെന്നു് ഞാൻ ചോദിക്കുന്നു. വാസ്തവത്തിൽ ഇന്നത്തെ മിനിസ്റ്റർ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിയിൽനിന്നു് ഇതിനു വിരുദ്ധമായ ഒരു നയമാണു് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. ജനങ്ങൾക്കു ഉപകാരപ്രദമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു ഈ സന്ദർഭത്തെ ഉപയോഗിക്കേണ്ടതിനു പകരം, വാസ്തവത്തിൽ മുതലാളിതാല്പര്യങ്ങളെ സംരക്ഷിക്കുന്നായി ചില ന്യായങ്ങൾ പറഞ്ഞു് പൊതുജനങ്ങൾക്കു് ഉപകാരത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ എതിർക്കുന്നതിൽ യാതൊരു ന്യായവും യാതൊരു യുക്തിയും ഞാൻ കാണുന്നില്ല. ഗവൺമെൻറു് ഈ കാര്യത്തിൽ എന്തു നയമാണു് എടുക്കുന്നതെന്നു് ഞാൻ വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണു്, വാസ്തവത്തിൽ ഗവൺമെൻറു് ഈ കാര്യത്തിൽ, ഈ കക്ഷിയോടു യോജിച്ചുനിന്നു്, മുതലാളികൾക്കും പണക്കാർക്കും നികുതി ചുമത്തുന്ന ഈ കാര്യത്തിൽ ശരിയായ ഒരു നയം പ്രഖ്യാപനം ചെയ്യുകയും, സാധുക്കളുടേയും കർഷകന്മാരുടേയും നികുതിഭാരം കുറക്കുന്നതിനു" പ്രായോഗികമായ മാർഗ്ഗങ്ങൾ കാണിച്ചു തരുന്നതിനെ സ്വീകരിക്കുവാൻ തയ്യാറാണെന്നു് പ്രത്യക്ഷത്തിൽ കാണിച്ചു കൊടുക്കുകയും വേണം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാസേട്ട്: ഈ ബില്ലിൽ മുതലാളികൾക്കും പണക്കാർക്കും എതിരായി എടുത്തു കാണിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ. ഈ രാജ്യത്തിൽ മുപ്പത്തയ്യായിരം രൂപയിൽ കൂടുതൽ സമ്പാദ്യമുള്ള കാഷ്കരില്ലെന്നു് എനിക്കറിയാം.

ഇതു് വളരെ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു ബില്ലാണു് എന്നാണെനിക്കു തോന്നുന്നതു്. ബഹുമാനപ്പെട്ട ചില മെമ്പർമാർ, അനുദ്യോഗസ്ഥപക്ഷത്തു നിന്നു ഒരു നിയമസഭയിലും ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളതായി കണ്ടിട്ടില്ലെന്നു പറയുന്നു. അതുകൊണ്ടു് കൊച്ചി രാജ്യത്തിലെ ഈ നിയമസഭ ലോകത്തിലെ പാർലിമെൻറുകൾക്കു ഒരു മാതൃകയായി തീരട്ടെയെന്നാണു് ഞാൻ പറയുന്നതു്. അതിനാൽ ഇത്രയും ചരിത്രപ്രധാനമായ ഒരു ബിൽ കൊണ്ടുവരുമ്പോൾ യഥാർത്ഥ പൊതുജന സേവകന്മാർ അതിനെ അനുകൂലിക്കണം; പൊതുജനങ്ങൾക്കു രക്ഷയുണ്ടാകണം എന്നാഗ്രഹിക്കുന്ന എല്ലാവരും എല്ലാകക്ഷികളും ഈ ബില്ലിനെ അനുകൂലിക്കണമെന്നഭിപ്രായപ്പെട്ടുകൊള്ളുന്നു.

മിസ്റ്റർ വി. കെ. കുട്ടി: സർ, ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്, പ്രത്യേകിച്ചു് രാജ്യതന്ത്രജ്ഞന്മാരായ പല മാന്യ മെമ്പരുടെ പ്രശംസക്കു പാത്രീഭവിച്ചിട്ടുള്ളതുമായ ഈ ബില്ലിനെക്കുറിച്ചു ചില സംഗതികൾ പറയണമെന്നുള്ളതാണു് എന്റെ ഉദ്ദേശം. കൊച്ചി രാജ്യത്തു് ഇതുപോലെയുള്ള ഒരു ബിൽ നടപ്പിൽ വരുന്നതായാൽ കർഷകന്മാർക്കു വലിയ ഗുണങ്ങളുണ്ടാകും ഈ ബിൽമൂലം അവരുടെ ഇപ്പോഴത്തെ അവശതകളിൽനിന്നു് വിമുക്തമാകാൻ സാധിക്കും എന്നെല്ലാമാണു് ഇന്നത്തെ പ്രസംഗങ്ങളിൽനിന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. എന്നാൽ ഇന്നത്തെ ഈ ബിൽ നോക്കുന്നതായാൽ പ്രസംഗിക്കുന്നതുപോലെയുള്ള സംഗതികൾ ഒന്നുംതന്നെ അതിൽ അടങ്ങീട്ടുള്ളതായി ഞാൻ കാണുന്നില്ല. ഇന്നു് ഉത്തരവാദിത്വഭരണം, നടപ്പിലിരിക്കുന്നു എന്നു പറയുന്ന ചില സ്ഥലങ്ങളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചു നോക്കുമ്പോൾ ഈ ബിൽ അസ്ഥാനത്തിലാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നു പറയാതെ നിവൃത്തിയില്ല. സാധാരണ കച്ചവടക്കാരും ഗവൺമെൻറും മറ്റും ഒരു സംഖ്യ റിസർവു ചെയ്തു വെക്കാറുള്ളതുപോലെ ഇതു് ഒരു റിസർവ്വ് ഫണ്ടായിട്ടാണു് നാം ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ിക്കേണ്ടതു്. ബ്രിട്ടീഷിൻഡ്യയിൽ ഇപ്പോഴത്തെ കോൺഗ്രസ്സു് ഭരണാധികാരികളും മെമ്പർമാരായിരുന്നകാലത്തു് റിസർവ്വു് ചെയ്യവച്ചിരുന്ന ടാക്സാണു് ഇന്നിവിടെ നടപ്പാക്കിയിരിക്കുന്നതു്. അതുപോലെ ഇവിടേയും പൂർണ്ണ ഉത്തരവാദിതപ്രഭരണം കിട്ടുന്ന ഒരു കാലത്തു് നടപ്പാക്കാമെന്നുദ്ദേശിച്ചു് റിസർവ്വു് ചെയ്തു വെക്കേണ്ടതായ ഒരിനം ഇപ്പോൾതന്നെ എടുത്തുപയോഗിക്കാമെന്നു് വിചാരിക്കുന്നതു് ബുദ്ധിപൂർവ്വമാണൊയെന്നാണു് ഞാൻ ചോദിക്കുന്നതു്. കൊച്ചി രാജ്യത്തിലെ ഫാർബറിൽനിന്നും ഒരു തുണ്ടുമായ തുക നമുക്കു് കിട്ടുന്നുണ്ടു്. അതുകൂടാതെ ഇൻകംടാക്സു് വകയിൽ ൩ ലക്ഷം ഉറപ്പിക കിട്ടുന്നുണ്ടു്. ഇങ്ങിനെ ൩൦ ലക്ഷം ഉറപ്പികയോളം ആദായമുണ്ടായിട്ടും നമ്മുടെ രാജ്യത്തിലുള്ള കഷ്ടകന്മാർക്കു് എന്തു ഗുണമാണു് ചെയ്തിട്ടുള്ളതെന്നു് രാജ്യതന്ത്രജ്ഞന്മാരായ മെമ്പർമാരോടു ചോദിക്കുന്നു. ചുരുക്കത്തിൽ ഇപ്പോൾ ഈ ബിൽ നമുക്കാവശ്യമില്ലെന്നാണു് ഞാൻ പറയുന്നതു്. ഉത്തരവാദിതപ്രഭരണത്തിന്റെ ഏറ്റവും താഴ്ന്ന ഒരു നിലമാത്രമെ ഇപ്പോൾ നമുക്കുള്ളു. എന്നാൽ നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ഒരുത്തരവാദിതപ്രഭരണം നമുക്കു കിട്ടിയതിനശേഷംമാത്രമെ ഇതുപോലെയുള്ള ടാക്സു് ചുമത്തി ആദായമുണ്ടാക്കാൻ നാം ശ്രമിക്കാവൂ എന്നാണു് എനിക്കു പറയാനുള്ളതു്". ഈ ബിൽ പാസ്സായി നടപ്പിൽ വരുത്തിയശേഷം ഇതുമൂലമുണ്ടാകുന്ന ആദായം പൊതുജനങ്ങൾക്കുപകാരപ്രദമായവിധത്തിൽ ചിലവു ചെയ്യാമെന്നു ഉറപ്പുകിട്ടുകയാണെങ്കിൽ ഞാൻ ഇതിനെ അനുകൂലിക്കാം.

മിസ്റ്റർ വി. ജെ. മത്തായി: ഇതു് തൊഴിലാളികൾക്കു് ദോഷമാണൊ? ഗുണമാണൊ?

മിസ്റ്റർ വി. കെ. കുട്ടി: ബഹുമാനപ്പെട്ട പ്രതിനിധിയുടെ അനുവദിക്കുകയാണെങ്കിൽ ഞാൻ അതിനെ വിവരിക്കാം.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, ഈ ബില്ലിനെ അനുകൂലിച്ചു പ്രസംഗിച്ചവരുടെ പ്രസംഗം കേട്ടാൽ ബിൽ പാസായാൽ ഉടനെതന്നെ നല്ല വെള്ളമില്ലാത്തിടത്തു്, കായലോരത്തും കടലോരത്തും, നല്ലവെള്ളം കൊടുക്കുമെന്നും വഴിയില്ലാത്തിടത്തു് അതു് കൊടുക്കുമെന്നു തോന്നിപ്പോകും. ഈ ഇൻകം ടാക്സിൽനിന്നുള്ള വരവു് ഇന്നയിനത്തിൽ ഗവൺമെൻറു് ചിലവുചെയ്യുമെന്നു് പറഞ്ഞാൽ ഞങ്ങൾ എല്ലാവരും ഇതിനെ അനുകൂലിക്കുവാൻ തയ്യാറാണു്. ഗവൺമെൻറിനു് പണം സമ്പാദിച്ചു വെക്കേണ്ട കാര്യമില്ല. ഒരു സാധാരണക്കാരനാണെങ്കിൽ അയാൾക്കും അയാളുടെ മോയ്ക്കും കൂട്ടിക്കൂടുവാൻവേണ്ടി സമ്പാദിക്കേണ്ട കാര്യമുണ്ടു്. ഗവൺമെൻറിനു് എപ്പോഴെങ്കിലും പണം ആവശ്യംവന്നാൽ അപ്പോൾ ഏതെങ്കിലും നികുതി ചുമത്തി സംഖ്യ പിരിച്ചുണ്ടാക്കാൻ സാധിക്കും. ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും നികുതി ചുമത്തി പണം പിരിച്ചു ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമ്പ്രദായം ഗവൺമെൻറിന്റെ നയത്തിനും അർത്ഥശാസ്ത്രത്തിനും വളരെ വിപരീതമായിട്ടുള്ള ഒന്നാണു്.

കഴിഞ്ഞ കൌൺസിലിലും പഞ്ചായത്തിൽനിന്നും നികുതി പിരിക്കേണ്ടതിനെപ്പറ്റി ഒരു ബിൽ കൊണ്ടുവന്നു. ഞങ്ങൾ അതിനെ എതിർത്തു. ആ പണം പഞ്ചായത്തിൽതന്നെ ചിലവു ചെയ്യുകയാണെങ്കിൽ വിരോധമില്ല. അന്നു അതിനെ മിസ്റ്റർ അയ്യപ്പപ്രഭൃതികളെല്ലാം എതിർക്കുകയാണു ചെയ്തതു്. ഇന്നു് അതിനു വിപരീതമായിട്ടാണു് പറയുന്നതു്. ഇപ്പോൾ ഒരാവശ്യവുമില്ലാതെ നികുതി ചുമത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നയത്തെ ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണു്.

*Speech not crrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ. മത്തായി: ഈ നികുതി എത്ര ആളുകൾ കൊടുക്കേണ്ടിവരും?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഒരാളെങ്കിലും കൊടുക്കേണ്ടി വരുമൊ?

മിസ്റ്റർ വി. ജെ. മത്തായി: പതിനൊന്ന് പേരുണ്ട്.

മിസ്റ്റർ ടി എ. രാമചന്ദ്രയ്യർ: എന്തിനു അവരെ ബുദ്ധിമുട്ടിക്കുന്നു? ഈ കാരണങ്ങളാൽ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങളുടെ ആവശ്യത്തിനു അത്യാവശ്യസമയം പണം പരിച്ചെടുക്കുന്ന മട്ടിലാണ് ഇപ്പോഴത്തെ നമ്മുടെ ഗവർമ്മെണ്ടു അനുവർത്തിച്ചുവരുന്നതു് എന്നു പറയുന്നതിനോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ജനങ്ങളുടെ ആവശ്യം ഗവർമ്മെണ്ടിനോടു പറയുമ്പോൾ പണമില്ലെന്നുള്ള വാദമാണ് ഗവർമ്മെണ്ടു പറയുന്നതു്. മുപ്പത്തയ്യായിരം രൂപായും അതിനു മേലും ഒരു കൊല്ലത്തിൽ ആദായം കിട്ടുന്ന ധനവാന്മാരുടെ ആദായത്തിന്മേൽ ഒരു സൂപ്പർടാക്സ് ഏർപ്പെടുത്തണമെന്നുള്ള ബിൽ കൊണ്ടുവരുന്നതു് ഗവർമ്മെണ്ടിനു പണമുണ്ടാക്കേണ്ട ആവശ്യത്തിന്നാണ്. ഇപ്പോഴത്തെ ഈ ബില്ലുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നപോലെയുള്ള ഗുണം കാണുന്നില്ല. കമ്പനികളിൽനിന്നാണ് അധികം പണം കിട്ടാൻ വഴിയുള്ളതു്. കമ്പനികളെ ഇതിൽ ഉൾപ്പെടുത്തീട്ടില്ല. അതുകൊണ്ടു കമ്പനികളേയുംകൂടി ഇതിൽ ഉൾപ്പെടുത്തിയാലെന്നാം ഉദ്ദേശിക്കുന്നതു പണം കിട്ടുവാൻ മാർഗ്ഗമുള്ളു. എന്റെ കയ്യിലുള്ള ആയിരം ഉറുപ്പിക മുടക്കി ഒരു വസ്തു വാങ്ങിക്കയാണെങ്കിൽ ഞാൻ നികുതി കൊടുക്കണം. ആ ആയിരം ഉറുപ്പിക പലിശക്കു കൊടുത്തു് ഞാൻ പണം വർദ്ധിപ്പിക്കുകയാണെങ്കിൽ ഒരു പൈസായെങ്കിലും ഗവർമ്മെണ്ടിലേക്കു ഇപ്പോൾ കൊടുക്കേണ്ടതില്ല. മുപ്പത്തയ്യായിരം ഉറുപ്പികയും അതിൽ കൂടുതലും ആദായമുള്ളവർ നികുതി കൊടുക്കണമെന്നാണ് ഇതുകൊണ്ടു വരുന്നതു്. മിസ്റ്റർ മത്തായി പറഞ്ഞതുപോലെ ഈ നികുതി പതിനൊന്നു ആളുകളേ കൊടുക്കേണ്ടിവരികയുള്ളു. ഇങ്ങിനെ ജനങ്ങൾക്കു വളരെ ഗുണം ചെയ്യുന്നതായ ഈ ബില്ലിനെ ഒരു ജനകീയകക്ഷിയായ ഞങ്ങളുടെ പ്രതിപക്ഷകക്ഷി എതിർക്കുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ചില സ്ഥാപിതതാല്പര്യക്കാരുടെ സ്ഥിതി നോക്കാതെ ആ കക്ഷി ഇതിനെ അനുകൂലിച്ചാൽ ആ കക്ഷി ഉടഞ്ഞുപോകുമൊ എന്നുള്ള ഭയംകൊണ്ടാണ് ഇതിനെ എതിർത്തതു് എന്നാണ് എനിക്കു തോന്നുന്നതു്.

മറെറാരു സംഗതി ഇവിടെ പറയുവാനുള്ളതു് പണം ഉണ്ടാക്കിയാൽ അതു ജനങ്ങൾക്കു വേണ്ടി ചിലവു ചെയ്യുന്നില്ല എന്നു പറഞ്ഞതിനെപ്പറ്റിയാണ്. ഇൻകംടാക്സിൽനിന്നു മുലക്കം ഉറുപ്പിക വരവുണ്ടായിട്ടു ആറായിരം ഉറുപ്പിക ഇരിപ്പുനികുതിഇളവു ചെയ്യുന്നതിന്നായിട്ടു ചിലവാക്കീട്ടില്ല എന്നു ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. ഇപ്പോൾ മൂന്നു ലക്ഷം ഉറുപ്പിക ഗവർമ്മെണ്ടു ഗ്രാമോദ്ധാരണത്തിന്നു കൊടുത്തു. ഈ സംഖ്യ എവിടെനിന്നുണ്ടായി എന്നു ഞാൻ ചോദിക്കുന്നു. എന്നുതന്നെയല്ല ഗ്രാമോദ്ധാരണപരമായി ഇനിയും ആവശ്യമായ പണം കൊടുക്കുവാൻ ഗവർമ്മെണ്ടു തയ്യാറായിരിക്കുന്നുമുണ്ട്. ഇതിനെല്ലാം ഗവർമ്മെണ്ടിനു പണം വേണം. ഗ്രാമോദ്ധാരണത്തിന്നു കൊടുക്കുന്ന സംഖ്യകൊണ്ടു ജനങ്ങൾക്കു വളരെ ഗുണം ചെയ്യുവാൻ കഴിയുന്നതും അതുവഴി പഞ്ചായത്തുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും കഴിയുന്നതുമാണ്. ഇങ്ങിനെയുള്ള ബില്ലുകൾ പൊതുജനങ്ങൾക്കു പരക്കെ സങ്കടകരമാകാത്തതും

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വലിയ കുബേരന്മാരെ മാത്രം ബാധിക്കുന്നതുമാകുന്നു. ഈ മാതിരി ഒരു ബില്ല് കൊണ്ടുവന്നതിൽ ഞാൻ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവർകളെ അനുമോദിക്കയും മേലിലും ഇങ്ങിനെയുള്ള ബില്ലുകൾ കൊണ്ടുവരണമെന്ന് അപേക്ഷിക്കയും ചെയ്യുന്നു. ഇങ്ങിനെ കുന്നം ചെയ്യുവാനുള്ള ഒരു ചുറപാട് നിങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിൽ തീച്ചയായും നമ്മുടെ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലെപോലെ ഒരു വലിയ കക്ഷി മുന്നോട്ട വരുമെന്നു നിങ്ങൾ നല്ലവണ്ണം ആലോചിക്കണം. അവിടെ നടക്കുന്നതുപോലെയുള്ള ഒരു ചുറപാട് ഇവിടെ വരുന്നതിനു മുമ്പായിട്ട് എല്ലാവരും സെഷഹാട്ടോടും ലെജിസ്ലേച്ചറോടും കൂടി പെരുമാറണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു. ജനങ്ങൾക്കു വളരെ ഗുണം ചെയ്യുവാൻ ഉപകരിക്കുന്നതായ ഈ ബില്ല് എല്ലാ കക്ഷികളുംകൂടി യോജിച്ചു വോട്ടു ചെയ്തു പാസ്സാക്കണമെന്നു അപേക്ഷിക്കുന്നു. പ്രത്യേകിച്ചും ഇതു മൂലം തൊഴിലാളികൾക്കു വളരെ ഗുണമുണ്ടാകാൻ വഴിയുള്ളതുകൊണ്ട് തൊഴിലാളി മെമ്പർ അവർകളും ഇതിനെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

The House stood adjourned at 5 P. M.

B. V. K. MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly